No.CEE/1515/2011/KEAM-2012/FC-MBBS-BDS/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# 2012 ലെ MBBS/BDS കോഴ്സുകൾക്ക് സ്വാശ്രയ കോളേജുകളിൽ നടപ്പിലാക്കുന്ന ഫീസ് ഇളവ് / സ്കോളർഷിപ്പ് സംബന്ധിച്ച്

2012 ൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അലോട്ട്മെന്റ് വഴി സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ MBBS/BDS കോഴ്സുകൾക്ക് അഡ്മിഷൻ നേടിയ BPL/കുറഞ്ഞ വാർഷിക കുടുംബ വരുമാനമുള്ളവർ, SEBC വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും ഏതാനും വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം ഫീസിളവ്/സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

2012 ൽ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയിട്ടുള്ളവരും പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്തവരുമായ വിദ്യാർത്ഥികൾ ഓൺലൈൻ മുഖേന താഴെപ്പറയുന്ന രീതിയിൽ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റ് വഴി അവരവരുടെ ആപ്ലിക്കേഷൻ നമ്പരും റോൾ നമ്പരും നൽകി ലോഗിൻ ചെയ്യേണ്ടതാണ്. അപ്പോൾ Candidate details എന്ന പേരിലുള്ള ഒരു പേജ് ദൃശ്യമാകും. ഈ പേജിൽ അവരവരുടെ ജില്ല, താലൂക്ക്, വില്ലേജ് എന്നീ കോളങ്ങൾ സെലക്ട് ചെയ്യേണ്ടതാണ്. തുടർന്ന് submit button ക്ലിക്ക് ചെയ്യുന്നതോടെ Candidate details എന്ന പേജിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റിന്റെയും പ്രിന്റൗട്ട് ലഭിക്കുന്നതാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ ഫോർമാറ്റ് അതത് വില്ലേജ് ഓഫീസർമാരിൽ നിന്നും വരുമാനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി ഒപ്പും സീലും പതിപ്പിച്ച്, Candidate details പേജ് ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **2012 നവംബർ 9-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി** എത്തിക്കേണ്ടതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്തിട്ടുള്ളവരിൽ വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളവർ പുതുതായി വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല.

കുറിപ്പ്:- വരുമാന സർട്ടിഫിക്കറ്റുകളെല്ലാം റവന്യൂ അധികാരികളുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതും തെറ്റായ വരുമാന സർട്ടിഫിക്കറ്റ് നൽകി ഫീസാനുകൂല്യം നേടാൻ ശ്രമിക്കുന്നവർക്കെതിരെ യുക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 - 2339101, 2339102, 2339103, 2339104** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
30.10.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**